# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3336 14.10.2011-ൽ മറുപടിക്ക്.

### ഗ്രാമസഭകളിൽ ജനപങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം. പാലിശ്ശേരി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി ജനാഭിപ്രായം പ്രതിഫലിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; | എ) ഗ്രാമസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 2007-08 വാർഷിക പദ്ധതിയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. ഗ്രാമസഭാ പങ്കാളിത്തത്തിന്റെ മേന്മ വിപുലപ്പെടുത്തുന്നതിനും സമൂഹത്തിന്റെ എല്ലാ മേഖലയിലും പെട്ടവർ ഗ്രാമസഭകളിലും വാർഡുസഭകളിലും പങ്കെടുത്ത് പ്രാദേശീക വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലും സംവാദങ്ങളിലും സജീവമായി പങ്കെടുക്കുന്നുവെന്നും പ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിക്കുന്നതിലും അനുയോജ്യമായ പരിഹാരം നിർദ്ദേശിക്കുന്നതിലും പങ്കു വഹിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ശ്രമമുണ്ടാകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലേക്ക് മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീശൃംഖല, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവ മുഖേന പ്രത്യേകമായും വേണ്ടത്ര പ്രചാരണം നടത്തി ഗ്രാമസഭകൾക്ക് മുന്നോ |

| | | | |
|---|---|---|---|
| | | | ടിയായ അനുകൂലസാഹചര്യം സൃഷ്ടിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | വിശദാംശം വ്യക്തമാക്കുമോ? | ബി) | ഒരു വാർഡിനെ സംബന്ധിച്ച് മുൻ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ വികസന പരിപാടികളും അതിനു വേണ്ടി വരുന്ന ചെലവും ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച വാർഷിക ബഡ്ജറ്റിന്റെ വിശദാംശങ്ങളും ഓരോ മേഖലയ്ക്കുമുള്ള പദ്ധതി വിഹിതം ഉൾപ്പെടെ സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം, നികുതി വിഹിതം എന്നിവയെ സംബന്ധിച്ച വിവരങ്ങളും ഒരു സാമ്പത്തിക വർഷത്തിലെ ആദ്യത്തെ ഗ്രാമസഭ സഭാവാർത്താബോർഡിൽ പ്രസിദ്ധപ്പെടുത്തുക; പബ്ലിക് റിലേഷൻസ് വകുപ്പുവഴി എല്ലാ പ്രധാന പത്രമാധ്യമങ്ങളിലും ആഴ്ചയിലൊരിക്കൽ വീതം അധികാരവികേന്ദ്രീകരണം ഗ്രാമസഭാ ജനപങ്കാളിത്തം തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചെറുപരസ്യങ്ങൾ പുറപ്പെടുവിക്കുക ഓരോ പൗരന്റെയും ഗ്രാമസഭയിലെ അവകാശങ്ങളും ധാർമ്മിക ബാദ്ധ്യതകളും വിശദീകരിക്കുന്ന ലഘുലേഖ ഗവൺമെന്റ് ആഭിമുഖ്യ ത്തിൽ അച്ചടിച്ച് എല്ലാ വീടുകളിലും വിതരണം ചെയ്യുക; ഓരോവാർഡിനെയും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പങ്കാളിത്ത ഗ്രാമീണ പഠന സമ്പ്രദായ പ്രകാരം തയ്യാറാക്കുക; |

**ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക; പഞ്ചായത്തിന്റെ ഭരണ-വികസന പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റിനായി ഗ്രാമസഭയിൽനിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുക; അവർ സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്യുക എന്നീ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.**

സെക്ഷൻ ഓഫീസർ